## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2925** **10.03.2017 ൽ മറുപടിയ്ക്ക്**

**കൊല്ലം ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കൊല്ലം ബൈപ്പാസ് നിർമ്മാണം ആരംഭിച്ചത് എന്നാണ്; | (എ) കൊല്ലം ബൈപ്പാസ് നിർമ്മാണം ആരംഭിച്ചത് 27.05.2015 ലാണ് |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബൈപ്പാസ് നിർമ്മാണം വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിയ്ക്ക് വേണ്ടി പൊതുമരാമത്ത് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തുടർച്ചയായി അവലോകന യോഗം ചേരുകയും പ്രവൃത്തി ത്വരിതഗതിയിൽ പുരോഗമിക്കുന്നതിന് വേണ്ട നടപടികൾ അപ്പപ്പോൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ബഹു.മുഖ്യമന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് വേണ്ട മണ്ണിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടു കൂടിയ 352 കോടി രൂപ ചെലവു വരുന്ന ഈ പദ്ധതിയുടെ സംസ്ഥാന വിഹിതം 176 കോടി രൂപയാണ്. പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതായി കേരള സർക്കാരിന്റെ മെഗാപ്രോജക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെയായി കേരള സർക്കാർ ഈ പദ്ധതിയ്ക്കായി 60 കോടി രൂപ അനുവദിച്ചു കഴിഞ്ഞു. |
| (സി) നിലവിലെ സാഹചര്യത്തിൽ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വിശദമാക്കുമോ? | (സി) പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം നിലവിലുള്ള കരാർ പ്രകാരം 2017 നവംബർ 25 ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**